സ്വയം അലങ്കരിച്ചശേഷം കണ്ണാടി നോക്കുന്ന ഒരു പ്രൗഢസുന്ദരിയെയാണ് ഈ പ്രതിമകളിലൊന്നിൽ നാം കാണുന്നത്. ഉയർത്തിപ്പിടിച്ച ഇടംകൈയിലെ താലം — അതിൽ പൂക്കളോ, ഭക്ഷണമോ? — തോളിൽത്താങ്ങി, വലത്തെ കൈയിൽ ഒരു പൊതിയുമായി നിൽക്കുന്ന മറ്റൊരു പ്രൗഢയെ രണ്ടാമത്തെ പ്രതിമയിൽ ആലേഖനംചെയ്തിരിക്കുന്നു. നഗ്നത മുഴുവൻ മറയ്ക്കാതെ, അംഗസൗന്ദര്യം എടുത്തുകാട്ടുന്ന വളരെ നേരിയ പട്ടുചേലകളാണു രണ്ടുപേരും ഉടുത്തിരിക്കുന്നത്. വീതികൂടിയ അരഞ്ഞാണിനു മുകളിലുള്ള അവരുടെ വയറും, മുലകളും, തോളുകളുമെല്ലാം നഗ്നങ്ങളാണ്. തലമുടിക്കെട്ടിലും കഴുത്തിലും മുഴങ്കൈയിലും കൈത്തണ്ടയിലും കണങ്കാലിലും ഒട്ടേറെ ആഭരണങ്ങളുണ്ട്.

സ്തംഭങ്ങൾ, ഉത്തരങ്ങൾ, മോന്തായക്കല്ലുകൾ മുതലായവയുടെ അവശിഷ്ടങ്ങളാണ് ഈ പ്രതിമകളോടൊപ്പം കിട്ടിയ മറ്റു ശില്പങ്ങൾ.

ക്രിസ്തുവർഷം ഒന്നോരണ്ടോ ശതകങ്ങളിൽ നിർമിക്കപ്പെട്ടവയായിരിക്കണം ഇവയെന്നു കലാനിരൂപകർ കരുതുന്നു. ഏതെങ്കിലും ദേവാലയത്തിന്റെ ചുവരിലെ അലങ്കാരപ്പണികളായിരുന്നിരിക്കാം ഈ സ്ത്രീപ്രതിമകൾ. അല്ലെങ്കിൽ, ഏതെങ്കിലും രാജാവിന്റെ കൊട്ടാരത്തിന് ഇവ അഴകു വർധിപ്പിച്ചിരിക്കാം.

അത് എങ്ങനെയിരുന്നാലും, ദീദാർഗഞ്ച് യക്ഷിയുടെ ഈ അനുജത്തിമാർ പ്രാചീനഭാരതത്തിലെ മതനിരപേക്ഷപ്രതിമാശില്പഭണ്ഡാരത്തിലേക്കു വിലമതിക്കാനാവാത്ത ഒരു മുതൽക്കൂട്ടുതന്നെയാണ്.

(28 ജൂലൈ, 1985)

## 54. ദ്വാരക

ഇപ്പോഴത്തെ ആഗ്രയ്ക്കടുത്ത്, ഉത്തരപ്രദേശിലെ മഥുര എന്ന പട്ടണത്തിൽ, കംസന്റെ കാരാഗൃഹത്തിലാണ് ശ്രീകൃഷ്ണൻ പിറന്നത്. ഈ സ്ഥലം, കൃഷ്ണജന്മഭൂമി, ഇന്നും തീർഥാടകർ സന്ദർശിച്ചുവരുന്നു. ശ്രീകൃഷ്ണൻ വളർന്ന വ്രജഭൂമിയും ബാലലീലകളാടിയ വൃന്ദാവനവും പ്രസിദ്ധങ്ങളായ തീർഥാടകകേന്ദ്രങ്ങളാണ്.

ശ്രീകൃഷ്ണന്റെ അമ്മാമനായിരുന്നു കംസൻ. അസ്തിയെന്നും പ്രാപ്തിയെന്നും പേരുള്ള രണ്ടു പത്നിമാർ കംസനുണ്ടായിരുന്നു. ഇവരുടെ പിതാവായിരുന്നു ബീഹാറിലുള്ള 'ഗിരിവ്രജ'ത്തിൽ പാർത്ത് മഗധസാമ്രാജ്യം ഭരിച്ചിരുന്ന ജരാസന്ധൻ. ശ്രീകൃഷ്ണൻ കംസനെ നിഗ്രഹിച്ച്, കംസന്റെ പിതാവും തന്റെ അമ്മയുടെ അച്ഛന്റെ ജ്യേഷ്ഠനുമായ ഉഗ്രസേനന് മഥുരാപുരിയുടെ ആധിപത്യം നല്കിയപ്പോൾ, വിധവകളായ അസ്തിയും പ്രാപ്തിയും ഗിരിവ്രജത്തിലേക്കു തിരിച്ചുപോയി. തന്റെ മക്കളുടെ ഭർത്താവിനെ നിഗ്രഹിച്ച ശ്രീകൃഷ്ണനോടു പകവീട്ടുന്നതിനായി വലിയ ഒരു സൈന്യത്തോടെ ജരാസന്ധൻ മഥുരാപുരി വളഞ്ഞു. യുദ്ധത്തിൽ ശ്രീകൃഷ്ണന്റെ ജ്യേഷ്ഠനായ ബലഭദ്രൻ ജരാസന്ധനെ തടവുകാരനാക്കി. എങ്കിലും ശ്രീകൃഷ്ണൻ ജരാസന്ധനെ കൊല്ലാതെ വിട്ടയച്ചു. പിന്നീടു പതിനാറുപ്രാവശ്യം ഇതേ പ്രക്രിയ ആവർത്തിച്ചു.

പതിനെട്ടാമത്തെ തവണ ജരാസന്ധൻ മഥുരയ്ക്കുനേരെ പടയെടുത്തു വന്ന അവസരത്തിൽ, എതിർവശത്തുനിന്നു മൂന്നുകോടി മ്ലേച്ഛന്മാർ അട

ങ്ങുന്ന ഒരു പടയുമായി ഒരു യവനരാജാവും മഥുരാപുരിയെ ഉപരോധിച്ചു. ഇരുവശത്തും ശത്രുക്കളാൽ ആക്രമിക്കപ്പെട്ട യാദവരെ മഥുരയിൽ പാർപ്പിക്കുക പ്രയാസമെന്നു കണ്ടു് ശ്രീകൃഷ്ണൻ അവരെ പശ്ചിമസമുദ്രത്തിലുള്ള 'ദ്വാരക' എന്ന ദ്വീപിലേക്കു മാററി. സമുദ്രമദ്ധ്യത്തിലുള്ള ഈ മനോഹരനഗരത്തിനു പന്ത്രണ്ടുയോജന വിസ്താരമുണ്ടായിരുന്നു ശില്പമനോഹരവും സമ്പന്നവുമായ ദ്വാരകാനഗരത്തിന്റെ വിസ്തരിച്ചുള്ള വർണനകൾ പുരാണങ്ങളിലും ഇതിഹാസങ്ങളിലും നമുക്കു വായിക്കാം. പിന്നീടു സ്വർഗാരോഹണംവരെ ശ്രീകൃഷ്ണൻ പാർത്തതു ദ്വാരകയിലായിരുന്നു.

കലിയുഗാരംഭത്തിൽ ദ്വാരകാദ്വീപിൽ പല ദുശ്ശകുനങ്ങളും കാണപ്പെട്ടു. ഈ ദുശ്ശകുനങ്ങൾ സൂചിപ്പിക്കുന്ന ദുരിതങ്ങൾ ഒഴിവാക്കുന്നതിനുവേണ്ടി യാദവന്മാരിൽ പ്രമാണിമാർ 'പ്രഭാസം' എന്ന ഇന്ത്യാവൻകരയിലുള്ള, പുണ്യതീർത്ഥത്തിലേക്കു തോണികളിൽ കയറിച്ചെന്നു ഇവിടെവെച്ച് അവർ കണക്കററു മദ്യപിക്കുകയും, പരസ്പരം പൊരുതിമരിക്കുകയും ചെയ്തു. ബലഭദ്രൻ അവിടെ കടൽക്കരയിലിരുന്നു യോഗശക്തികൊണ്ടു ദേഹംവെടിഞ്ഞു. ജ്യേഷ്ഠന്റെ മരണത്തിനുശേഷം, പ്രഭാസത്തിലെ ഒരു അരയാലിൻതറയിൽ ഇരിക്കുകയായിരുന്ന ശ്രീകൃഷ്ണന്റെ കാലിൽ 'ജര' എന്ന ഒരു കാട്ടാളൻ അയച്ച അമ്പു തറച്ചു. കുറച്ചുകഴിഞ്ഞു രഥവുമായി അവിടെ വന്നെത്തിയ ശ്രീകൃഷ്ണന്റെ തേരാളിയായ ദാരുകൻ കണ്ടതു്, മുറിവിൽനിന്നു രക്തം വാർന്നു് ആസന്നമൃത്യുവായ ശ്രീകൃഷ്ണനെയാണു്. തന്റെ മരണത്തിനുശേഷം ദ്വാരകാദ്വീപ് സമുദ്രത്തിൽ മുങ്ങിപ്പോകുമെന്നും, അതിനാൽ, ദ്വാരകയിൽ അവശേഷിച്ച, തന്റെ മാതാപിതാക്കളായ ദേവകിയും വസുദേവനും അടക്കമുള്ള, യാദവന്മാർ അർജ്ജുനന്റെ സംരക്ഷണയിൽ ഇന്ദ്രപ്രസ്ഥത്തിലേക്ക് (ഇപ്പോഴത്തെ ദില്ലിയിലേക്കു) രക്ഷപ്പെടണമെന്നും, ദാരുകനോടു പറഞ്ഞു് ശ്രീകൃഷ്ണൻ യോഗാഗ്നിയിൽ സ്വന്തം ശരീരം ദഹിപ്പിച്ചു.

ഇതു ഭാരതീയരുടെ പാരമ്പര്യവിശ്വാസമാണു്. ഈ വിശ്വാസത്തിൽ വല്ല ചരിത്രസത്യവുമുണ്ടോ? പടിഞ്ഞാറെ കടലിലെ ഒരു ദ്വീപിൽ ദ്വാരക എന്ന മനോഹരനഗരം ഏതെങ്കിലും കാലത്തു നിലനിന്നിരുന്നുവോ?

കടലിനടിയിലേക്കു കടന്നുചെല്ലാൻ മനുഷ്യർക്കു കഴിവു നൽകുന്ന യന്ത്രോപകരണങ്ങൾ ഉണ്ടായതോടെ ഇത്തരം പ്രശ്നങ്ങൾക്കു് ഉത്തരം നൽകാൻ കഴിയുമെന്ന നില വന്നിരിക്കുന്നു.

'അന്തസ്സമുദ്ര പുരാതത്ത്വവിജ്ഞാനം' (അണ്ടർ–വാട്ടർ ആർക്കിയോളജി) എന്ന വിജ്ഞാനശാഖ ഇന്ത്യയിലും വളരാൻ തുടങ്ങിയിട്ടുണ്ടു്. ഇന്ത്യാഗവൺമെൻറിന്റെ ശാസ്ത്ര–സാങ്കേതിക-വകുപ്പിന്റെ ധനസഹായത്തോടെ, പടിഞ്ഞാറെ കടലിലെ ദ്വാരകയും കിഴക്കെ കടലിലെ കാവേരി പൂമ്പട്ടണവും സംബന്ധിച്ച മൂന്നു വർഷം നീണ്ടുനിൽക്കുന്ന പഠനങ്ങൾ ഗോവയിലെ ദേശീയ–സമുദ്രശാസ്ത്ര–സ്ഥാപനം 1983–ാമാണ്ടിൽ ആരംഭിക്കുകയുണ്ടായി. 1984 ഡിസംബറിൽ കച്ഛ് ഉൾക്കടലിൽ നടത്തിയ പഠനങ്ങളുടെഫലമായി, ക്രിസ്തുവിനു മുമ്പ് 1500–നും 1300–നും ഇടയിൽ കടലിൽ മുങ്ങിപ്പോയ ഒരു നഗരത്തിന്റെ അവശിഷ്ടങ്ങൾ ഈ സ്ഥാപനത്തിലെ പ്രവർത്തകർ കണ്ടെത്തി.

കച്ഛ് ഉൾക്കടലിൽ കരയ്ക്കടുത്തുള്ള 'ബേത്ദ്വാരക' എന്ന ദ്വീപിന്റെ അപ്പുറത്തായിരുന്നു ഈ പ്രാചീനനഗരം. 1983–ൽ, ആദ്യമായി നടന്ന പരിശോധനയിൽത്തന്നെ, ഇവിടെ കടലിനടിയിൽ വലിയ ഒരു കോട്ടമതിലിന്റെ അവശിഷ്ടങ്ങൾ കാണുകയുണ്ടായി. ഇക്കഴിഞ്ഞ(1984) ഡിസംബറിൽ ഈ പ്രദേശത്തു വീണ്ടും മുങ്ങിനോക്കിയപ്പോൾ, മുന്നൂററി

യമ്പതു മീററർ ആഴത്തിൽ, ഉറച്ചു കട്ടിയായ കളിമണ്ണിൽ പുതഞ്ഞുകിടക്കുന്ന ശംഖിൽ കൊത്തിയ, ഒരു മുദ്ര കണ്ടുകിട്ടി. ചതുരത്തിലുള്ള ഈ മുദ്രയ്ക്കു് ഏതാണ്ടു് രണ്ടുസെൻറി മീററർ നീളവും അത്രതന്നെ വീതിയുമുണ്ടു്. മൂന്നു തലകളുള്ള ഒരു മൃഗത്തിൻെറ രൂപം ഈ മുദ്രയിൽ കൊത്തിയിരിക്കുന്നു. ഇവയിൽ ഒരു തല കൊമ്പിനു നീളംകുറഞ്ഞ ഒരു കാളയുടെയും, മറെറാരു തല നെററിയിൽ ഒററക്കൊമ്പുള്ള ഒരു മൃഗത്തിൻെറയും, മൂന്നാമത്തെ തല ഒരു കോലാടിൻെറയുമാണു്. സിന്ധു നാഗരികതയുടെ കേന്ദ്രങ്ങളായിരുന്ന ഹാരപ്പയിലും മഹൻ–ജ–ദറോവിലും മററും കാണപ്പെട്ട മുദ്രകളോടു് ഈ മുദ്രയ്ക്കു പ്രകടമായ സാമ്യമുണ്ടു്. എങ്കിലും, അതിലെ മൃഗങ്ങളുടെ വലിയ കണ്ണുകളും അസ്വാഭാവികമായ ശരീരാകൃതിയും കാണിക്കുന്നതു്, പേഴ്സ്യൻ ഉൾക്കടൽത്തീരത്തു് ബഹ്റൈനിൽനിന്നു കണ്ടുകിട്ടിയിട്ടുള്ള മുദ്രകളുമായി ദ്വാരകയിലെ മുദ്ര ബന്ധപ്പെട്ടിരിക്കാമെന്നാണത്രെ.

ചരിത്രാതീതകാലത്തിൽ, ഏഷ്യയിൽനിന്നു് യൂറോപ്പിലേക്കും തിരിച്ചും നടന്നിരുന്ന ഭൗതിക–സാംസ്കാരിക–വിനിമയത്തിൽ ഒരു കേന്ദ്രസ്ഥാനം 'ദിൽമൂൺ' എന്നു വിളിക്കപ്പെട്ടിരുന്ന ബഹ്റൈന്നു് ഉണ്ടായിരുന്നു. ചൈനയിൽനിന്നു്, ഹിമാലയത്തിൻെറ വടക്കുഭാഗത്തുകൂടി, പേഴ്സ്യവഴി നീണ്ടുകിടന്നിരുന്ന 'സിൽക്ക്റോഡ്' ചെന്നെത്തിയിരുന്നതു് ഈ പ്രദേശത്താണു്. തീരപ്രദേശത്തുകൂടെ ഇന്ത്യ ചുററിവന്നിരുന്ന പായക്കപ്പലുകളും ഈ പ്രദേശത്തു വന്നുചേർന്നിരുന്നു. കപ്പലുകളിൽനിന്നു് ഇവിടെ ഇറക്കുന്ന സാധനങ്ങൾ പിന്നീടു് തലച്ചുമടായി ടൈഗ്രിസ്–യൂഫ്രട്ടീസ് നദിക്കരകളിലൂടെ കടത്തി മെഡിറററേനിയൻ കടൽത്തീരത്തു് എത്തിക്കുകയായിരുന്നു പതിവു്. 'എൻകി' എന്ന പ്രാചീനദേവൻെറ ദേവാലയത്തിൻെറ അവശിഷ്ടങ്ങൾ ഇന്നും ബഹ്റൈനിൽ കാണാം. ചരിത്രാതീതകാലത്തു് ഈ പ്രദേശത്തു പുലർന്ന സഭ്യതയുടെ അവശിഷ്ടങ്ങൾ ബഹ്റൈനിലെ ആർക്കിയോളജിക്കൽ മ്യൂസിയത്തിൽ സംരക്ഷിക്കപ്പെട്ടിരിക്കുന്നു. ദിൽമൂണിൽനിന്നു കിട്ടിയതും, ക്രിസ്തുവിനു രണ്ടായിരം വർഷംമുമ്പു നിർമിക്കപ്പെട്ടതായി കരുതപ്പെടുന്നതുമായ ഒരു മുദ്ര ഈ മ്യൂസിയത്തിലുണ്ടു്. ഈ മുദ്രയുമായി ദ്വാരകയിൽനിന്നു ലഭിച്ച മുദ്രയ്ക്കുള്ള സാമ്യം ഒററനോട്ടത്തിൽത്തന്നെ സ്പഷ്ടമാകുന്നതാണു്.

ബഹ്റൈനിൽനിന്നു് 'ദിൽമൂൺ' എന്ന പേർ ഒരു പ്രാചീന ജനതയായ സുമേറിയന്മാർ നൽകിയതായിരുന്നു

'പാവനമാണു് ദിൽമൂൺ ദേശം.

കളങ്കമററതാണു് ദിൽമൂൺ.

ദിൽമൂണിൽ കാക്ക കരയുകയില്ല.

സിംഹം കൊല്ലുകയില്ല.

'എനിക്കു കണ്ണു നോവുന്നു', 'തല നോവുന്നു' എന്നു് അവിടെ ആരും പറയുകയില്ല.

'ഞാൻ കിഴവനാണു്', 'ഞാൻ കിഴവിയാണു്' എന്നു് അവിടെ ആരും പറയാറില്ല.

മധുരമായ ജലവും ഭൂമിയിലെ എല്ലാ ഫലങ്ങളും നൽകി എൻകി എന്ന ദേവൻ ദിൽമൂണിനെ അനുഗ്രഹിച്ചിരിക്കുന്നു.

ആകാശത്തിലെ സൂര്യൻ ഭൂമിയിൽനിന്നു് അവർക്കു മധുരജലം നൽകട്ടെ.

സമൃദ്ധിയുടെ ജലം ദിൽമൂൺ കുടിക്കട്ടെ.

അവളുടെ അരുവികളിൽ മധുരജലം ഉറന്നൊഴുകട്ടെ. അവളുടെ വയലുകളിൽ ധാന്യങ്ങൾ വിളയട്ടെ.

അവളുടെ നഗരം ലോകത്തിന്റെ മുഴുവൻ തുറമുഖമാകട്ടെ' എന്ന അർത്ഥം വരുന്ന ഒരു പ്രാചീന സുമേറിയൻ പദ്യം ബഹ്റൈനിൽ പലടത്തും ആലേഖനംചെയ്തതായി ഈയിടെ അവിടം സന്ദർശിച്ചപ്പോൾ ഞാൻ കാണുകയുണ്ടായി.

ഈ നഗരത്തിനു് ഇന്ത്യൻ പുരാണങ്ങളിലുള്ള പേരു് എന്തെന്നു് അറിയുന്നില്ല. എന്തെങ്കിലും പേരുണ്ടാവണം. കാരണം, ക്രിസ്തുവിനു മുമ്പു് 2400—1300 വർഷങ്ങളിൽ സൈന്ധവനഗരങ്ങളും ബഹ്റൈനും തമ്മിൽ വ്യാപാരം നടന്നിരുന്നതിനു തെളിവുകളുണ്ടു്. ബഹ്റൈൻ—മുദ്രയുടെ രൂപത്തിൽ, എന്നാൽ, വൃത്താകാരത്തിലുള്ള, ഒരു മുദ്ര ഇന്ത്യയിലെ ഒരു സൈന്ധവനാഗരികതാകേന്ദ്രമായ ലോഥലിൽനിന്നു് കിട്ടിയിട്ടുണ്ടു്. ബഹ്റൈനിൽ പണ്ടു പ്രചാരത്തിലിരുന്ന തരത്തിൽപ്പെട്ട ചില മൺപാത്രങ്ങൾ ബേത്ദ്വാരക ദ്വീപിൽ കാണപ്പെടുകയുണ്ടായി. ഈ അടിസ്ഥാനത്തിൽ, ദ്വാരകയിലെ ശംഖമുദ്ര ക്രിസ്തുവിനുമുമ്പു് 1500—നു് അടുത്തു നിർമിക്കപ്പെട്ടതായിരിക്കണമെന്നു പുരാതത്വജ്ഞർ പറയുന്നു.

ക്രിസ്തുവിനുമുമ്പു് 1500—നും 1300—നും ഇടയ്ക്കു് ബഹ്റൈനിലും കടൽനിരപ്പു് ഉയരുകയുണ്ടായി. ഈ കാലത്തായിരിക്കണം ദ്വാരകാദ്വീപു് കടലിൽ ആഴ്ന്നുപോയതെന്നു്, ദ്വാരകയിലെ ഉദ്ഖനനങ്ങളുടെ നേതൃത്വം വഹിക്കുന്ന ഡോ. എസ്. ആർ. റാവു കരുതുന്നു.

വൻകരയിൽ, 'ദ്വാരക' എന്നു് ഇപ്പോൾ വിളിക്കപ്പെടുന്ന ക്ഷേത്രത്തിന്റെ പരിസരങ്ങളിൽ ഡോ. റാവു 1979–80—ൽ നടത്തിയ ഉദ്ഖനനങ്ങളിൽ, ക്രിസ്തുവിനു് ആയിരത്തഞ്ഞൂറും ആയിരവും വർഷങ്ങൾമുമ്പു് ആ പ്രദേശത്തു നിലവിലിരുന്ന രണ്ടു ജനവാസകേന്ദ്രങ്ങളുടെ അവശിഷ്ടങ്ങൾ, ഒന്നിനടിയിൽ ഒന്നായി, കണ്ടെത്തിയിരുന്നു. ക്രിസ്തുവർഷത്തിന്റെ ആദ്യത്തെ ഒമ്പതു ശതകങ്ങളിൽ ഇവിടെയുണ്ടായിരുന്ന മൂന്നു ക്ഷേത്രങ്ങളുടെ അവശിഷ്ടങ്ങളും അന്നു കണ്ടെടുക്കുകയുണ്ടായി.

ബേത്ദ്വാരക ദ്വീപു് ഒരു കാലത്തു് ഒരു കിലോമീററർ നീളവും അര കിലോമീററർ വീതിയുമുള്ള ഒരു കരമാൽ വൻകരയുമായി ബന്ധിക്കപ്പെട്ടിരുന്നു എന്നാണു് ഡോ. റാവുവിന്റെ നിഗമനം.

ദ്വാരകാനഗരം കടലിൽത്താഴ്ന്നശേഷം, അതിനെതിരെ, വൻകരയിൽ അവശേഷിച്ചിരുന്ന കോട്ടകളും കൊത്തളങ്ങളും പഴയ കെട്ടിടങ്ങളും, ക്രിസ്തുവർഷാരംഭത്തിൽ അവിടെ പാർപ്പുറപ്പിച്ചവർ പൊളിച്ചു. അവയുടെ അവശിഷ്ടങ്ങൾ പുതിയ കെട്ടിടങ്ങൾ നിർമിക്കാനും മററുമായി ഉപയോഗിച്ചു. എന്നാൽ, ഈ ഭാഗത്തു് കടലിനുള്ളിൽ പഴയ നിർമാണങ്ങളുടെ ഭഗ്നാവശിഷ്ടങ്ങൾ ഇന്നും കാണാം. പ്രാചീനകാലത്തു് ബേത്ദ്വാരക ഒരു കപ്പൽ നിർമാണകേന്ദ്രമായിരുന്നിരിക്കണം. കരയിൽവെച്ചു് പണിത കപ്പലുകൾ കടലിൽ ഇറക്കുന്നതിനുള്ള ചെരിഞ്ഞ പാതകൾ (റാമ്പുകൾ) ബേത്ദ്വാരകയിൽ കടൽത്തീരത്തു പാറകളിൽ കൊത്തിയതു് ഇപ്പോഴും കാണാം. ചരിത്രാതീതകാലത്തെ മൺപാത്രാവശിഷ്ടങ്ങൾ ഈ പ്രദേശത്തുനിന്നു ധാരാളമായി ലഭിച്ചിട്ടുണ്ടു്. പില്ക്കാലത്തു മരത്തടികൾ ഈ പ്രദേശത്തുനിന്നു സമൃദ്ധമായി കയററി അയച്ചിരുന്നു. അടുത്തകാലംവരെ മുത്തുവാരലും ഇവിടെ പ്രചാരത്തിലിരുന്നു.

കടലിന്റെ നടുവിലെ ദ്വാരകാപട്ടണം വെറും ഭാവനയുടെ സന്താ

നമല്ലെന്നും, അതു് ഒരു ചരിത്ര യാഥാർത്ഥ്യമായിരുന്നുവെന്നും ഇതിൽനിന്നെല്ലാം തെളിയുന്നു.

ആ ദ്വാരകയിൽ പാർത്തു് ദുഷ്ടനിഗ്രഹവും ശിഷ്ടാനുഗ്രഹവും നിർവ്വഹിച്ച ഭഗവാൻ ശ്രീകൃഷ്ണൻ ഒരു ചരിത്രപുരുഷനാണോ? അതു നിങ്ങൾ തീരുമാനിക്കുക.

(17 മാർച്ച്, 1985)

# 55. 'ശൂരൻ' എന്ന ക്ഷേത്രപാലൻ

മെഡിററേനിയൻ സമുദ്രത്തിന്റെ ഒരു ഭാഗമായി ഈജിയൻകടലിലുള്ള ഒരു ചെറിയ ദ്വീപാണു് സാമോസ്. (വലിപ്പം 778 ച. കി. മി. ജനസംഖ്യ 41,000), ഗ്രീക്ക്സംസ്കാരം അതിന്റെ അത്യുച്ചാവസ്ഥയിലായിരുന്ന കാലത്തു്, രണ്ടായിരത്തഞ്ഞൂറു വർഷംമുമ്പു്, സ്വർഗനായികയും സ്യൂസ്ദേവന്റെ പത്നിയുമായ 'ഹേര' എന്ന ദേവിയുടെ പ്രസിദ്ധമായ ഒരു ക്ഷേത്രം ഈ ദ്വീപിലുണ്ടായിരുന്നു. 'ഹെരൈയോൺ' എന്നു വിളിക്കപ്പെട്ടിരുന്ന ഈ ക്ഷേത്രം തകർന്നു മണ്ണടിഞ്ഞിട്ടു് എത്രയോ കാലമായെങ്കിലും, അതിന്റെ സ്മരണകൾ പാശ്ചാത്യലോകത്തിൽ നിന്നു് ഇനിയും മാഞ്ഞുപോയിട്ടില്ല.

ഗ്രീസ്സിലെ ആതൻസ്നഗരം കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ജർമൻ ആർക്കിയോളജിക്കൽ ഇൻസ്റ്റിററ്യൂട്ട് ഒന്നാം മഹായുദ്ധത്തിനുമുമ്പു് ഈ ക്ഷേത്രത്തിന്റെ അവശിഷ്ടങ്ങൾ കുഴിച്ചെടുക്കാനുള്ള ശ്രമം ആരംഭിച്ചു. രണ്ടു മഹായുദ്ധങ്ങൾക്കും, ജർമനിയിലും ഗ്രീസിലും ഭരണപരമായ എത്രയോ പരിവർത്തനങ്ങൾക്കു ശേഷവും, ഈ ഉദ്ഖനനപ്രയത്നം ഇന്നും തുടർന്നുവരുന്നു.

സാമോസ് ദ്വീപിലെ ജനവാസകേന്ദ്രത്തിനു പുറത്തായിരുന്നു ഈ വലിയ ദേവീക്ഷേത്രം. ക്ഷേത്രത്തിനു മുമ്പിൽ കിഴക്കുഭാഗത്തായി 'പ്രോപൈലോൺ' എന്നപേരിൽ ഒരു കൂററൻ ഗോപുരം പണ്ടുണ്ടായിരുന്നു. സാമോസിലെ ജനവാസകേന്ദ്രത്തിൽനിന്നു് ആണ്ടുതോറും ഒരു ഘോഷയാത്ര ഈ ഗോപുരത്തിലൂടെ ക്ഷേത്രത്തിലേക്കു പോകാറുണ്ടായിരുന്നു. പക്ഷേ, അതൊക്കെ ആയിരത്താണ്ടുകൾമുമ്പാണു്. ഇന്നു് ഗോപുരം തകർന്നുപോയിരിക്കുന്നു. അങ്ങോട്ടുള്ള റോഡു് മണ്ണിനടിയിലായിരിക്കുന്നു. ഈ പ്രദേശമെല്ലാം നൂററാണ്ടുകൾക്കുമുമ്പു് ആളുകൾ കൈയേറി വളച്ചുകെട്ടി വീടുവെച്ചു് അവിടെ പാർത്തുവരുന്നു.

ഹേരയുടെ ക്ഷേത്രത്തിനു് എത്ര വലുപ്പമുണ്ടായിരുന്നുവെന്നു് അറിയണമെങ്കിൽ, അതിന്റെ ഗോപുരം എവിടെയായിരുന്നുവെന്നു് കണ്ടെത്തണം. ഇതിനായി ജർമൻ ആർക്കിയോളജിക്കൽ ഇൻസ്റ്റിററ്യൂട്ട്, ക്ഷേത്രപരിസരങ്ങൾ കൈയടക്കിയവരുടെ കൈയിൽനിന്നു കിട്ടിയേടത്തോളം ഭൂമി വിലയ്ക്കു വാങ്ങി അവിടെ കുഴിച്ചുനോക്കാൻ ആരംഭിച്ചു. പ്രോപൈലോൺ ഗോപുരം നിന്ന സ്ഥലം ഇനിയും തിരിച്ചറിഞ്ഞിട്ടില്ല. പക്ഷേ, സാമോസ്നഗരത്തിൽനിന്നു ഗോപുരത്തിലേക്കു പോയിരുന്ന ദേവസ്വം നടപ്പാതയുടെ കുറെഭാഗം മണ്ണിനടിയിൽനിന്നു പുറത്തുവന്നു. കൂററൻ കരിങ്കല്ലുകൾ പാകി നിർമിച്ച ഈ നടപ്പാതയുടെ വിവരണം നമ്മുടെ മഹാക്ഷേത്രങ്ങളിലെ പ്രദക്ഷിണവഴികളെ ഓർമിപ്പിക്കുന്നു.